ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 14.06.2024** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ഇറ്റലിയിലെ അപുലിയയിൽ നടക്കുന്ന ജി7 ഔട്ട്റീച്ച് ഉച്ചകോടിയിൽ പങ്കെടുക്കും. വിവിധ രാഷ്ട്ര നേതാക്കളുമായി പ്രധാനമന്ത്രി ഇന്ന് ഉഭയകക്ഷി ചർച്ച നടത്തും.

   **Prime Minister Narendra Modi will participate in the G7 Outreach Summit in Italy today. Prime Minister will hold a series of bilateral meetings with world leaders on the sidelines of G7 Summit today.**

2. കുവൈറ്റിലെ തീപിടുത്തത്തിൽ ജീവൻ നഷ്ടമായ ഇന്ത്യാക്കാരുടെ മൃതദേഹം ഇന്ന് നാട്ടിലെത്തിക്കും. പ്രത്യേക വ്യോമസേന വിമാനം ഇന്ത്യയിലേക്ക് പുറപ്പെട്ടു.

   **India will bring back the mortal remains of 45 of its nationals killed in a devastating fire in Kuwait by a special flight today. Special Airforce aircraft has taken off from Kuwait**

3. കുവൈറ്റിൽ മരിച്ച 23 മലയാളികളുടെ മൃതദേഹം ഇന്ന് രാവിലെ കൊച്ചി വിമാനത്താവളത്തിൽ എത്തിക്കും മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഏറ്റുവാങ്ങും.

   **CM Pinarayi Vijayan along with other ministers will receive the mortal remains of 23 Keralites killed in Kuwait fire at Cochin International airport today.**

4. പിഎം പോഷൺ പദ്ധതിയുടെ ഭാഗമായി ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സൗജന്യ

വിദ്യാഭ്യാസവും പോഷക സമൃദ്ധിയും ഉറപ്പാക്കണമെന്ന് സംസ്ഥാനങ്ങളോടും കേന്ദ്ര ഭരണ പ്രദേശങ്ങളോടും നിർദേശിച്ച് വിദ്യാഭ്യാസ മന്ത്രാലയം.

**The Ministry of Education has issued an advisory to all states and Union Territories to ensure Right to Free and Compulsory Education entitlements and nutritional support under PM-Poshan to Children with Special Needs.**

5. **യൂറോകപ്പ് ഫുട്ബോൾ മാമാങ്കത്തിന് ഇന്ന് ജർമ്മനിയിൽ തുടക്കം.**

**Euro cup football to kick start in Germany today**

&&&&&&&&&&&&&&&&&&

## PM – G7 SUMMIT

പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ഇറ്റലിയിലെ അപുലിയയിൽ നടക്കുന്ന ജി7 ഔട്ട്റീച്ച് ഉച്ചകോടിയിൽ പങ്കെടുക്കും. ഇറ്റലി പ്രധാനമന്ത്രി ജോർജിയ മെലോണിയുടെ ക്ഷണപ്രകാരം രണ്ടു ദിവസത്തെ സന്ദർശനത്തിനായി ഇന്നലെ രാത്രിയാണ് അദ്ദേഹം ഇറ്റലിയിലെത്തിയത്. ഇന്ത്യ-ഇറ്റലി തന്ത്രപരമായ പങ്കാളിത്തം ഏകീകരിക്കാനും ഇന്തോ-പസഫിക്, മെഡിറ്ററേനിയൻ മേഖലകളിലെ സഹകരണം ശക്തിപ്പെടുത്താനും സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് പുറപ്പെടുന്നതിന് മുമ്പ് പ്രധാനമന്ത്രി പ്രസ്താവനയിൽ പറഞ്ഞു. ഇറ്റാലിയൻ പ്രധാനമന്ത്രി ജോർജിയ മെലോണിയുടെ കഴിഞ്ഞ വർഷത്തെ ഇന്ത്യൻ സന്ദർശനങ്ങൾ ഉഭയകക്ഷി ബന്ധത്തിന് ആക്കം കൂട്ടുന്നതിൽ നിർണായകമായെന്ന് ശ്രീ മോദി അഭിപ്രായപ്പെട്ടു.

&&&&&&&&&&&&&&&&&&

## PM – BILATERAL MEETINGS

ജി7 ഉച്ചകോടിക്കിടെ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ലോക നേതാക്കളുമായി ഉഭയകക്ഷി ചർച്ച നടത്തും. ഫ്രഞ്ച് പ്രസിഡൻ്റ് ഇമ്മാനുവൽ മാക്രോ, ബ്രിട്ടീഷ് പ്രധാനമന്ത്രി ഋഷി സുനക്, ജർമ്മൻ ചാൻസലർ ഒലാഫ് ഷോൾസ്, ഇറ്റലി പ്രധാനമന്ത്രി ജോർജിയ മെലോണി, ജപ്പാൻ പ്രധാനമന്ത്രി ഫ്യൂമിയോ കിഷിദ, യുക്രേനിയൻ പ്രസിഡൻ്റ് വോളോഡിമർ സെലെൻസ്കി എന്നിവരുമായി ശ്രീ മോദി ഉഭയകക്ഷി ചർച്ചകൾ നടത്തും. തുടർച്ചയായി മൂന്നാം തവണയും അധികാരമേറ്റ ശേഷം പ്രധാനമന്ത്രി മോദി നടത്തുന്ന ആദ്യ വിദേശ സന്ദർശനമാണിത്.

&&&&&&&&&&&&&&&&&&

## EXTERNAL AFFAIRS MINISTRY

കുവൈറ്റിൽ മൻഗാഫിലുണ്ടായ തീപിടിത്തത്തിൽ മരിച്ച 45 ഇന്ത്യാക്കാരുടെ മൃതദേഹം വഹിച്ചുള്ള പ്രത്യേക വ്യോമസേനാ വിമാനം കുവൈറ്റിൽ നിന്ന് പുറപ്പെട്ടു. കേന്ദ്ര വിദേശകാര്യ സഹമന്ത്രി മൃതദേഹങ്ങളെ അനുഗമിക്കുന്നുണ്ട്. വ്യോമസേനാ വിമാനം കൊച്ചി വിമാനത്താവളത്തിലെത്തിയ ശേഷമായിരിക്കും ഡൽഹിയിലേക്ക് പോകുന്നത്. മരിച്ചവരിൽ 23 പേർ കേരളത്തിൽ നിന്നുള്ളവരാണ്. തമിഴ്നാട്ടിൽ നിന്നുള്ള ഏഴ് പേരും ആന്ധ്രാപ്രദേശ്, ഉത്തർപ്രദേശ് എന്നീ സംസ്ഥാനങ്ങളിലെ മൂന്ന് പേർ വീതവും ഒഡീഷയിൽ നിന്നുള്ള രണ്ടു പേരും ബിഹാർ,പഞ്ചാബ്,കർണ്ണാടക, മഹാരാഷ്ട്ര, പശ്ചിമബംഗാൾ, ഝാർഖണ്ഡ്, ഹരിയാന എന്നിവിടങ്ങളിൽ നിന്നുള്ള ഓരോരുത്തർ വീതവുമാണ് മരിച്ചതെന്ന് വിദേശ കാര്യമന്ത്രാലയം അറിയിച്ചു.

വിദേശകാര്യസഹമന്ത്രി കീർത്തിവർദ്ധൻ സിംഗ്, കുവൈറ്റ് വിദേശകാര്യമന്ത്രി അബ്ദുള്ള അലി അൽ യഹ്യയുമായി കൂടിക്കാഴ്ച നടത്തിയിരുന്നു. സാധ്യമായ എല്ലാ സഹായവും നല്കുമെന്നും സംഭവത്തിൽ കൃത്യമായ അന്വേഷണം നടത്തുമെന്നും കുവൈറ്റ് വിദേശകാര്യമന്ത്രി ഉറപ്പു നല്കി. അതേസമയം മരിച്ചവരുടെ കുടുംബങ്ങൾക്ക് രണ്ടു ലക്ഷംരൂപാ വീതം അടിയന്തര സഹായം നല്കാൻ പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ നേതൃത്വത്തിൽ ചേർന്ന യോഗം തീരുമാനിച്ചു.

&&&&&&&&&&&&&&&&&&

## KUWAIT INCIDENT

കുവൈറ്റിലെ തീപിടുത്തത്തിൽ ജീവൻ നഷ്ടമായ 23 മലയാളികളുടെ ഭൗതികശരീരം രാവിലെ എട്ട് മുപ്പതോടെ കൊച്ചി

വിമാനത്താവളത്തിൽ എത്തിക്കും. മുഖ്യമന്ത്രി പിണറായി വിജയൻ, മന്ത്രിസഭാംഗങ്ങൾ, ഉന്നത ഉദ്യോഗസ്ഥർ തുടങ്ങിയവർ മൃതദേഹങ്ങൾ ഏറ്റുവാങ്ങി ആദരാഞ്ജലികൾ അർപ്പിക്കും. മൃതദേഹങ്ങൾ വീടുകളിലേക്ക് കൊണ്ടുപോകുന്നതിന് നോർക്കയുടെ ആഭിമുഖ്യത്തിൽ 25 ആംബുലൻസുകൾ തയ്യാറാക്കിയിട്ടുണ്ട്. മരിച്ചവരിൽ രണ്ടുപേർ കൂടി കേരളത്തിൽ നിന്നുള്ളവരാണെന്ന് സംശയിക്കുന്നുണ്ട്. അതിനിടെ, വിവിധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് സംസ്ഥാന സർക്കാർ നിയോഗിച്ച മന്ത്രി വീണ ജോർജിന് കേന്ദ്ര സർക്കാർ അനുമതി നിഷേധിച്ചതിനെ തുടർന്ന് കുവൈറ്റിലേക്ക് പോകാൻ കഴിഞ്ഞില്ല. അത്യന്തം ദൗർഭാഗ്യകരമായ സംഭവ വികാസമാണ് ഇതെന്ന് മന്ത്രി മാധ്യമങ്ങളോട് പറഞ്ഞു.

&&&&&&&&&&&&&&&&&&

## KUWAIT KERALA CABINET

കുവൈറ്റിൽ തീപിടിത്തത്തിൽ മരണമടഞ്ഞ മലയാളികളുടെ കുടുംബാംഗങ്ങൾക്ക് സംസ്ഥാന സർക്കാർ അഞ്ച് ലക്ഷം രൂപ ധനസഹായം പ്രഖ്യാപിച്ചു. പരിക്കേറ്റവർക്ക് ഒരു ലക്ഷം രൂപ വീതം നൽകും.

&&&&&&&&&&&&&&&&&&

## KUWAIT ENQUIRY

കുവൈറ്റിലെ തെക്കൻ മംഗഫ് മേഖലയിൽ വിദേശ തൊഴിലാളികൾ താമസിക്കുന്ന കെട്ടിടത്തിന് തീപിടിച്ച് സംഭവത്തിൽ കുവൈറ്റിലെ പബ്ലിക് പ്രോസിക്യൂട്ടർ അന്വേഷണം ആരംഭിച്ചു. തീപിടിത്തത്തിന് പിന്നിലെ കാരണങ്ങളും അപകടം

ഉണ്ടാകാനിടയായ സാഹചര്യവും കണ്ടെത്താനാണ് അന്വേഷണം ലക്ഷ്യമിടുന്നത്. പരിക്കേറ്റവർക്ക് മികച്ച ആരോഗ്യ സേവനങ്ങൾ നൽകാനുള്ള സർക്കാരിൻ്റെ പ്രതിജ്ഞാബദ്ധത വിദേശകാര്യ മന്ത്രാലയം വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

## LS SPEAKER ELECTION

ലോക്സഭാ സ്പീക്കർ തിരഞ്ഞെടുപ്പ് ഈ മാസം 26ന് നടക്കും. പതിനെട്ടാം ലോക്സഭയുടെ ആദ്യ സമ്മേളനം ഈ മാസം 24 മുതൽ ചേരും. സമ്മേളനത്തിൽ, പുതുതായി തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെ സത്യപ്രതിജ്ഞ നടക്കും. ലോക്സഭയുടെയും രാജ്യസഭയുടെയും സംയുക്ത സമ്മേളനത്തെ രാഷ്ട്രപതി ദ്രൗപതി മുർമു അഭിസംബോധന ചെയ്യും. രാഷ്ട്രപതിയുടെ നയപ്രഖ്യാപന പ്രസംഗത്തെക്കുറിച്ചുള്ള ചർച്ചയും ഈ സമ്മേളനത്തിൽ നടക്കും. രാജ്യസഭ സമ്മേളനം ഈ മാസം 27ന് ആരംഭിക്കും. അടുത്ത മാസം മൂന്നിന് പാർലമെൻ്റ് സമ്മേളനം സമാപിക്കും.

&&&&&&&&&&&&&&&&&&

## PM POSHAN

പിഎം പോഷൺ പദ്ധതിയുടെ ഭാഗമായി ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സൗജന്യ വിദ്യാഭ്യാസവും പോഷക സമൃദ്ധിയും ഉറപ്പാക്കണമെന്ന് സംസ്ഥാനങ്ങളോടും കേന്ദ്ര ഭരണ പ്രദേശങ്ങളോടും നിർദേശിച്ച് വിദ്യാഭ്യാസ മന്ത്രാലയം. സർക്കാർ സ്കൂളികളിലോ എയിഡഡ് സ്കൂളുകളിലോ വീട്ടിലിരുന്നോ വിദ്യാഭ്യാസം നേടുന്ന ഇത്തരം വിദ്യാർത്ഥികൾക്ക് പദ്ധതിയുടെ ഗുണങ്ങൾ ലഭിക്കുന്നു എന്ന് ഉറപ്പാക്കണമെന്നും മന്ത്രാലയം പ്രസ്താവനയിൽ പറഞ്ഞു. സൗജന്യ യൂണിഫോം, സൗജന്യ പാഠപുസ്തകങ്ങൾ, സമഗ്ര ശിക്ഷാ പദ്ധതിയിൽ ഇത്തരം വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന

ഗുണങ്ങൾ, പി എം പോഷൺ പദ്ധതിക്കു കീഴിലെ സൗജന്യ ഉച്ചഭക്ഷണം എന്നിവ ലഭിക്കുന്നു എന്ന് ഉറപ്പാക്കണമെന്ന് മന്ത്രാലയം നിർദേശിച്ചു.

&&&&&&&&&&&&&&&&&&

## NCRB

പുതിയ ക്രിമിനൽ നിയമങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ഏകീകൃതമാക്കുന്നതിൻറെ ഭാഗമായി ദേശീയ ക്രൈം റെക്കോർഡ്സ് ബ്യൂറോ മൊബൈൽ ആപ്ലിക്കേഷൻ പുറത്തിറക്കി. എൻസിആർബി സംഗലൻ ഓഫ് ക്രിമിനൽ ലോസ് എന്ന പേരിലാണ് ആപ്പ് പുറത്തിറക്കിയിരിക്കുന്നത്. അടുത്ത മാസം ഒന്നിനാണ് പുതിയ ക്രിമിനൽ നിയമങ്ങൾ പ്രാബല്യത്തിൽ വരുക. ഓഫ് ലൈൻ ആയും പ്രവർത്തിക്കുന്ന തരത്തിലാണ് ആപ്പ് സജ്ജമാക്കിയിരിക്കുന്നത്. ഗൂഗിൾ പ്ലേ സ്റ്റോറിലും ആപ്പിൾ ആപ്പ് സ്റ്റോറിലും മൊബൈൽ ആപ്പ് ലഭ്യമാകും.

&&&&&&&&&&&&&&&&&&

## NEET UG – DHARMENDRAPRADHAN

നീറ്റ് പരീക്ഷയിൽ ഗ്രേസ് മാർക്ക് ലഭിച്ച 1,563 പേരുടെ സ്കോർ കാർഡുകൾ റദ്ദാക്കുമെന്ന് കേന്ദ്രസർക്കാർ. ഇവർക്ക് ഈ മാസം 23 ന് വീണ്ടും പരീക്ഷയെഴുതാൻ അവസരം നൽകുമെന്ന് കേന്ദ്ര സർക്കാർ സുപ്രീം കോടതിയെ അറിയിച്ചു. പുനഃപരീക്ഷയുടെ ഫലം ഈ മാസം 30 ന് പ്രസിദ്ധീകരിക്കും. നീറ്റ് പരീക്ഷ നടത്തിപ്പുമായി ബന്ധപെട്ട മറ്റ് ഹർജികളിൽ ജൂലൈ 8 ന് സുപ്രീം കോടതി വീണ്ടും വാദം കേൾക്കും.

&&&&&&&&&&&&&&&&&&

## MANDAVIYA- OLYMPIC MEETING

ഇന്ത്യൻ ഒളിമ്പിക് അസോസിയേഷൻ അധികൃതരുമായി കൂടിക്കാഴ്ച നടത്തി കേന്ദ്ര യുവജനകാര്യ-കായിക മന്ത്രി ഡോ. മൻസുഖ് മാണ്ഡവ്യ. ന്യൂഡൽഹിയിൽ നടന്ന കൂടിക്കാഴ്ചയിൽ 2024 പാരീസ് ഒളിമ്പിക്സിലേക്കായുള്ള ഒരുക്കങ്ങൾ അദ്ദേഹം വിലയിരുത്തി. കേന്ദ്ര സഹമന്ത്രി രക്ഷ ഖഡ്സെയും, മന്ത്രാലയത്തിലെ മറ്റ് മുതിർന്ന ഉദ്യോഗസ്ഥരും യോഗത്തിൽ പങ്കെടുത്തു.

&&&&&&&&&&&&&&&&&&

### LOKA KERALA SABH

ലോക കേരളസഭയുടെ നാലാം പതിപ്പിൻറെ ഉദ്ഘാടനം ഇന്ന് വൈകിട്ട് കേരള നിയമസഭാ സമുച്ചയത്തിൽ നടക്കും. കുവൈറ്റ് ദുരന്തത്തിൻറെ പശ്ചാത്തലത്തിൽ ആഘോഷ പരിപാടികൾ ഒഴിവാക്കിയിട്ടുണ്ട്. ഉദ്ഘാടനത്തിനു ശേഷം വിഷയാധിഷ്ഠിത സമ്മേളനങ്ങളും മേഖലാ സമ്മേളനങ്ങളും നടക്കും.

&&&&&&&&&&&&&&&&&&

## EURO CUP ( INTRO)

യൂറോ കപ്പ് ഫുട്ബോൾ മത്സരങ്ങൾക്ക് ഇന്ന് തുടക്കമാകും. ഒരു മാസം നീണ്ടു നിൽക്കുന്ന ആവേശ പോരാട്ടങ്ങൾക്കാണ് ജർമ്മനി വേദിയാകുക.

***ആകാശവാണി പ്രതിനിധി സുരേഷ് ബാബു തയ്യാറാക്കിയ റിപ്പോർട്ട്***

***(ഹോൾഡ് വോയിസ്)***

&&&&&&&&&&&&&&&&&&

**REV. T-20 WORLD CUP**

ഐസിസി ടി20 ലോകകപ്പ് ക്രിക്കറ്റിൽ ഒമാനെ എട്ട് വിക്കറ്റിന് തോൽപ്പിച്ച് സൂപ്പർ എട്ടിലെത്താനുള്ള പ്രതീക്ഷകൾ സജീവമാക്കി ഇംഗ്ലണ്ട് . നോർത്ത് സൗണ്ട് ആൻ്റിഗ്വയിലെ സർ വിവിയൻ റിച്ചാർഡ്സ് സ്റ്റേഡിയത്തിൽ ആദ്യം ബാറ്റ് ചെയ്ത ഒമാൻ 47 റൺസിന് എല്ലാവരും പുറത്തായി. മറുപടി ബാറ്റിങ്ങിനിറങ്ങിയ ഇംഗ്ലണ്ട് 3.1 ഓവറിൽ 2 വിക്കറ്റ് നഷ്ടത്തിൽ ലക്ഷ്യം മറി കടന്നു. അതേസമയം ഗ്രൂപ്പ് ഡിയിലെ നിർണായക മത്സരത്തിൽ നെതർലൻഡ്സിനെതിരേ ബംഗ്ലാദേശിന് 25 റൺസ് ജയം. ബംഗ്ലാദേശ് ഉയർത്തിയ 160 റൺസ് വിജയലക്ഷ്യം പിന്തുടർന്ന ഡച്ച് ടീമിന് എട്ടു വിക്കറ്റ് നഷ്ടത്തിൽ 134 റൺസെടുക്കാനേ സാധിച്ചുള്ളൂ.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&&&

&&&&&&&&

&&&&&&

&&&&

&&&

&&

&